# ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്
ആറ്റുകാൽ, തിരുവനന്തപുരം-9.

നമ്പർ: ഇ3/1362/2022/എബിറ്റിറ്റി/ 182 തീയതി : 25.01.2022

## റീ ക്വട്ടേഷൻ പരസ്യം

വിഷയം: ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ് - 2022 പൊങ്കാല മഹോത്സവം – പണ്ടാരഓട്ട കുട്ടിക്കും പരിപാലിക്കുന്നവർക്കും ആവശ്യമായ ആഹാരം പാചകം ചെയ്ത് വിളമ്പി നൽകുന്നതു സംബന്ധിച്ച്

ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിലെ 2022-ാം ആണ്ടത്തെ പൊങ്കാല മഹോത്സവത്തിനോടനുബന്ധിച്ച് പണ്ടാരഓട്ട കുട്ടിക്കും പരിപാലിക്കുന്നവർക്കും (ഉദ്ദേശം 50 പേർക്ക്) വേണ്ടി 11.02.2022 മുതൽ 16.02.2022 വരെ മൂന്ന് (3) നേരങ്ങളിൽ താഴെ വിവരിക്കുന്ന വിധത്തിൽ ആഹാരം പാചകം ചെയ്ത് വിളമ്പി നൽകുന്നതിനായി പരിചയ സമ്പന്നരായ ബ്രാഹ്മണ പാചകക്കാരിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | | |
|---|---|---|
| 11.02.2022 വെള്ളിയാഴ്ച | ഉച്ചയ്ക്ക് | സദ്യ – ഉദ്ദേശം 50 പേർക്കു വേണ്ടിയുള്ള വിഭവങ്ങൾ ഇഞ്ചിക്കറി, അവിയൽ, കിച്ചടി, തോരൻ, പരിപ്പ്, പർപ്പടം, സാമ്പാർ, സംഭാരം, പാൽപ്പായസം (അമ്പലപ്പുഴ) കുടിക്കുവാനുള്ള ചൂടുവെള്ളം (കരിങ്ങാലി). |
| | രാത്രി | കുതിർത്ത അവൽ, പഴം, കരിക്ക് തുടങ്ങിയവയും (ചിലപ്പോൾ മുന്തിരി, ഓറഞ്ച് അല്ലെങ്കിൽ ഫ്രൂട്ട്സ് സലാഡ്) |
| 12.02.2022 ശനിയാഴ്ച | രാവിലെ | കഞ്ഞി, പയർ, പർപ്പടം |
| | ഉച്ചയ്ക്ക് | ചെറുപയർ പ്രഥമനോടു കൂടിയ സദ്യ |
| | | കുതിർത്ത അവൽ, പഴം, കരിക്ക് (ചിലപ്പോൾ ഫ്രൂട്ട്സ് സലാഡ്, മുന്തിരി, ഓറഞ്ച്, ആപ്പിൾ തുടങ്ങിയവ) |
| 13.02.2022 ഞായറാഴ്ച | രാവിലെ | കഞ്ഞി, പയർ, പർപ്പടം |
| | ഉച്ചയ്ക്ക് | പാൽപ്പായസ(അമ്പലപ്പുഴ)ത്തോടു കൂടിയുള്ള സദ്യ. |
| | രാത്രി | കുതിർത്ത അവൽ, പഴം, കരിക്ക് (ചിലപ്പോൾ ഫ്രൂട്ട്സ് സലാഡ്, മുന്തിരി, മധുര പലഹാരങ്ങളുണ്ടെങ്കിൽ അവ) |
| 14.02.2022 തിങ്കളാഴ്ച | രാവിലെ | കഞ്ഞി, പയർ, പർപ്പടം |
| | ഉച്ചയ്ക്ക് | അടപ്രഥമനോടു കൂടിയ സദ്യ. |
| | രാത്രി | കുതിർത്ത അവൽ, പഴം, കരിക്ക് (ചിലപ്പോൾ മുന്തിരി,ആപ്പിൾ, ഓറഞ്ച് തുടങ്ങിയവയും) |
| 15.02.2022 ചൊവ്വാഴ്ച | രാവിലെ | ഉപ്പുമാവ്, ഏത്തൻപഴം മുറിച്ച് പുഴുങ്ങിയത് (ബ്രൂകോഫി). |
| | ഉച്ചയ്ക്ക് | പാൽ അട പ്രഥമനോടു കൂടിയ സദ്യ. |
| | രാത്രി | അവൽ കുതിർത്തത്, പഴം, കരിക്ക് (ചിലപ്പോൾ ഫ്രൂട്ട്സ് സലാഡ്) |

(.........2......)

| | | |
|---|---|---|
| 16.02.2022 | രാവിലെ | കഞ്ഞി, പയർ, പർപ്പടം |
| ബുധനാഴ്ച | ഉച്ചയ്ക്ക് | പഴപ്രഥമനോടു കൂടിയ സദ്യ |
| | രാത്രി | കുതിർത്ത അവൽ, പഴം, കരിക്ക് (ഓറഞ്ച്, മുന്തിരി, ആപ്പിൾ) |

11.02.2022 ഉച്ചയ്ക്കും രാത്രിയിലും, 12.02.2022 മുതൽ 16.02.2022 വരെ രാവിലെയും, ഉച്ചയ്ക്കും, രാത്രിയിലും വിളമ്പുന്നതിന് 3 പേരിൽ കുറയാതെ ബ്രാഹ്മണന്മാരായ വിളമ്പുകാരുണ്ടായിരിക്കണം

മേൽപ്പറഞ്ഞ സദ്യ ഒരുക്കുന്നതിനും (ഒരു കിലോ കിലോഗ്രാമിനുള്ള നിരക്ക്) വിളമ്പി നൽകുന്നതിനുമായിട്ടുള്ള നിരക്കുകൾ പ്രത്യേകം, പ്രത്യേകമായി ക്വട്ടേഷനിൽ കാണിച്ചിരിക്കണം. യാതൊരു കാരണവശാലും പാചകത്തിനോ വിളമ്പുന്നതിനോ അബ്രാഹ്മണരെയും, രോഗികളെയും പങ്കെടുപ്പിക്കാൻ അനുവദിക്കുന്നതല്ല. ടി ആളുകൾ ശുദ്ധിയും, വൃത്തിയുള്ളവരായിരിക്കണം. പാചകം ചെയ്യുമ്പോഴോ, ആഹാര പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുമ്പോഴോ, **പുകവലി, മുറുക്ക് (വെറ്റില) മൂക്കുപൊടി, മദ്യപാനം** എന്നിവ കർശനമായി പാടില്ലാത്തതും ക്ഷേത്ര മര്യാദകൾ പൂർണ്ണമായും പാലിക്കേണ്ടതുമാകുന്നു. ജോലിയിൽ ഏർപ്പെടുന്നവർ വരുന്ന സമയങ്ങളിൽ ഹാജർ രേഖപ്പെടുത്തേണ്ടതാണ്. കോവിഡ് പ്രോട്ടോകോൾ പൂർണ്ണമായും പാലിക്കേണ്ടതുമാണ്.

**ക്വട്ടേഷനോടൊപ്പം 5,000/ (അയ്യായിരം) രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് ഏതെങ്കിലും ഒരു ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും ട്രസ്റ്റ് സെക്രട്ടറിയുടെ പേരിൽ വാങ്ങി നിരതദ്രവ്യമായി അടക്കം ചെയ്തിരിക്കേണ്ടതാണ്. ക്വട്ടേഷനുകൾ സെക്രട്ടറി, ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്, ആറ്റുകാൽ, മണക്കാട്, തിരുവനന്തപുരം-9** എന്ന വിലാസത്തിൽ **01.02.2022** ചൊവ്വാഴ്ച വൈകുന്നേരം 3.00 മണിക്ക് മുമ്പായി ട്രസ്റ്റ് ഓഫീസിൽ ലഭിക്കേണ്ടതും അന്നേദിവസം വൈകുന്നേരം 4.00 മണിക്ക് ക്വട്ടേഷൻ നൽകിയിട്ടുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ ക്വട്ടേഷനുകൾ പൊട്ടിക്കുന്നതുമാണ്. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി 200/- (ഇരുന്നൂറ്) രൂപയുടെ മുദ്രപത്രത്തിൽ ട്രസ്റ്റ് നിബന്ധനകൾ ഉൾക്കൊള്ളിച്ച് ഒരു എഗ്രിമെന്റും 5,000/- (അയ്യായിരം) രൂപയുടെ ഡിപ്പോസിറ്റും വയ്ക്കേണ്ടതാണ്. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തിക്ക് ഭക്ഷണം പാചകം ചെയ്യുന്നതിൽ കുറഞ്ഞത് 5 വർഷത്തെയെങ്കിലും മുൻപരിചയം ഉണ്ടായിരിക്കേണ്ടതാണ്. പാചകം നടത്തുന്നതിന് ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റിൽ നിന്നും വാങ്ങിയ സർട്ടിഫിക്കറ്റ്, പാൻ കാർഡ്, ബാങ്ക് പാസ്സ് ബുക്കിന്റെ മുൻ പേജ് എന്നിവയുടെ പകർപ്പ് ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. കുത്തിയോട്ട കമ്മിറ്റിയുടെയും സ്റ്റിയറിംഗ് കമ്മിറ്റിയുടെയും പരിഗണനയ്ക്ക് ശേഷം അനുയോജ്യനായ കരാറുകാരനെ തെരഞ്ഞെടുക്കുന്നതും, ട്രസ്റ്റിൽ നിന്നും രേഖാമൂലമായ അറിയിപ്പു ലഭിച്ചതിനുശേഷം ട്രസ്റ്റ് വ്യവസ്ഥകൾ ടിയാൻ അംഗീകരിച്ച് ക്വട്ടേഷൻ നൽകുന്ന കവറിന്റെ പുറത്ത് **"പണ്ടാരഓട്ട കുട്ടിക്കും പരിപാലിക്കുന്നവർക്കും വേണ്ടി ആഹാര പാചകത്തിനും വിളമ്പുന്നതിനുമുള്ള ക്വട്ടേഷൻ"** എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. കാരണം കൂടാതെ തന്നെ ക്വട്ടേഷനുകൾ ഭാഗികമായോ പൂർണ്ണമായോ നിരസിക്കുവാനുള്ള അധികാരം സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. സർക്കാർ അനുശാസിക്കുന്ന എല്ലാ നികുതികളും ഒടുക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. ക്ഷേത്ര ട്രസ്റ്റിൽ നിലവിലുള്ള ക്വട്ടേഷനുകളെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഇതിനും ബാധമായിരിക്കും.

ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റിനുവേണ്ടി,

സെക്രട്ടറി

നോട്ടീസ് ബോർഡ്:
1. ക്ഷേത്രം.
2. ഓഫീസ്.
3. വെബ് സൈറ്റ്

പകർപ്പ് : 1. പ്രസിഡന്റ്, എബിറ്റിറ്റി
2. ജനറൽ കൺവീനർ, പൊങ്കാല മഹോത്സവം-2022
3 ജോയിന്റ് ജനറൽ കൺവീനർ, പൊങ്കാല മഹോത്സവം-2022
4. കൺവീനർ, കുത്തിയോട്ട കമ്മിറ്റി, പൊങ്കാല മഹോത്സവം-2022
5. ഫയൽ.

SI